(Pages : 4) **U – 1008**

Reg. No. : .............................

Name : ..................................

**First Semester B.A./B.Sc. Degree Examination, November 2024**

**First Degree Programme under CBCSS**

**Language Course II – Additional Language I - Malayalam**

**ML 1111.1 : മലയാളകവിത**

**(2021-2023 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. ഉണ്ണിയാർച്ചയുടെ തറവാടിന്റെ പേര് എന്ത്?

2. കൃഷ്ണഗാഥ എഴുതിയത് ആര്?

3. മണിപ്രവാളം ഏതൊക്കെ ഭാഷകളുടെ ചേർച്ചയാണ്?

4. മഹാഭാരതം കിളിപ്പാട്ടിലെ അധ്യായങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?

5. രാമപുരത്ത് വാര്യർ രചിച്ച കൃതി ഏത്?

6. മഴമംഗലം രചിച്ച ചമ്പുകാവ്യം ഏത്?

7. "വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ"
- ഈ വരികൾ ഏത് കൃതിയിലേതാണ്?

P.T.O.

Scanned with CamScanner

8. കന്നിക്കൊയ്ത്ത് രചിച്ചതാര്?

9. "വേലചെയ്തു പുലർന്നോളായ് പുലർത്തുന്നവളായ് സ്വയം
ജീവിതം പൊൻകൊടിക്കൂറ പോലുയർത്തിപ്പിടിച്ചിടും"
- ഈ വരികൾ രചിച്ചതാര്?

10. എഴുത്ത് എന്ന കവിതയുടെ രചയിതാവാര്?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ഓർമ്മകൾ മറയുന്നത്' എന്ന കവിതയുടെ ആശയം സംഗ്രഹിക്കുക.

12. "നിറങ്ങൾ ചേർന്നുരുവായൊരുടലിലെ ചെളി മാത്ര-
മിടയ്ക്കെന്റെ പേരും നിലത്തെഴുതുന്നുണ്ട്" - സാരസ്യമെഴുതുക.

13. വിരാമം എന്ന ശീർഷകം കവിതയ്ക്ക് എത്രമാത്രം അനുയോജ്യമാണ്?

14. മോഷണം എന്ന കവിതയിലെ ആക്ഷേപഹാസ്യതലം വ്യക്തമാക്കുക

15. "ഇവൾക്കായ് സ്ത്രീധനം നൽകാൻ ലക്ഷങ്ങൾകരുതുന്നതാ-
രിവൾതൻ മേനി പൊന്നിട്ടു മൂടിനൽകാനുമാരുവാൻ"
- ഈ വരികളിൽ തെളിയുന്ന സാമൂഹിക യാഥാർത്ഥ്യമെന്ത്?

16. "പെൻഷൻ താസീൽദാരെന്നേ നണ്ണീജനം" - സൂചിതമെന്ത്?

17. "വിവിധ മത്സ്യങ്ങൾ വട്ടമിട്ടു
തവളകൾ കണ്ണുതുറിച്ചു നോക്കി" - സന്ദർഭമേത്?

18. "പൂതലിച്ചുപോയന്റെയിത്തടി, കൊതിച്ചാലാ-
ക്കാതലിലുളി നടത്തീടുവാനാവില്ലല്ലോ" - സൂചിതമെന്ത്?



Scanned with CamScanner

19. കണ്ടു ഞാൻ കണ്ണഞ്ചിക്കും ശില്പം - ഉണ്ണി കണ്ട കണിക്കാഴ്ചകൾ എന്തെല്ലാമായിരുന്നു?

20. വാദ്ധ്യാർപണി ലഭിച്ചപ്പോൾ കവിക്കുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്?

21. "എണ്ണിയെണ്ണിക്കയറുന്നിതായുസ്സും
മണ്ടിമണ്ടി കരേറുന്നു മോഹവും" - വ്യക്തമാക്കുക.

22. "ഇവണ്ണം താപസനരുൾ ചെയ്തനേര-
മവനീനായകൻ തൊഴുതുചോദിച്ചു" - എന്താണ് ചോദിച്ചത്?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'ഒരു സ്വപ്നം' എന്ന നാടൻപാട്ടിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?

24. ഉണ്ണിയാർച്ച കൂത്തുകാണുവാൻ നടത്തിയ ഒരുക്കങ്ങൾ വിവരിക്കുക.

25. ചമ്പു സാഹിത്യത്തിന്റെ സവിശേഷതകൾ വനത്തിലെ രാത്രി എന്ന ഖണ്ഡത്തെ മുൻനിർത്തി പരിചയപ്പെടുത്തുക.

26. കലികാലത്തിന്റെ സവിശേഷതകളെ എഴുത്തച്ഛൻ വർണ്ണിക്കുന്നതെങ്ങനെ?

27. 'ജ്ഞാനപ്പാന' എന്ന കാവ്യം പങ്കുവയ്ക്കുന്ന ദാർശനികതലം വിശദമാക്കുക.

28. 'അവസാനത്തെ വഴിയമ്പലം' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക.

29. സൗന്ദര്യലഹരിയിലെ പ്രകൃതിവർണ്ണനാസമൃദ്ധിയെക്കുറിച്ച് പ്രതിപാദിക്കുക.

30. വിഷുക്കണിയൊരുക്കൽ എന്ന ആചാരത്തിന്റെ സാംസ്കാരികപ്രാധാന്യമെന്ത്?

31. 'പെരുന്തച്ഛൻ എന്ന കവിത ഒരു കുറ്റസ്സമ്മതം കൂടിയാണ്'- പ്രതികരിക്കുക.

**(6 × 4 = 24 Marks)**



Scanned with CamScanner

IV. മുന്നൂറ് വാക്കിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

32. വടക്കൻപാട്ടിന്റെ സവിശേഷതകൾ ഉണ്ണിയാർച്ച എന്ന ഖണ്ഡത്തെ മുൻനിർത്തി വിശദമാക്കുക.

33. വർഷകാലം എന്ന പാഠഭാഗത്തെ മുൻനിർത്തി ചെറുശ്ശേരിയുടെ വർണ്ണനാപാടവം വ്യക്തമാക്കുക.

34. സൗന്ദര്യലഹരി, കാടിന്റെ മടിയിൽ എന്നീ രചനകളെ ആസ്പദമാക്കി കാല്പനികകവിതയുടെ സവിശേഷതകൾ വിശകലനം ചെയ്യുക.

35. പെൺകുഞ്ഞ് 90 എന്ന കവിത ഇന്നത്തെ കാലത്തും പ്രസക്തമാണോ? പരിശോധിക്കുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner